compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മാർച്ച് 24
Tuesday, 24th March 2026

1201 മീനം 10
10th Meenam 1201

1948 ചൈത്രം 3
3rd Chaithra 1948

വാല്യം 15
Vol. XV

നമ്പർ / No. **12**

Part III

Revenue Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

THIRUVANANTHAPURAM DISTRICT

തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: ANU KUMARI IAS)

നമ്പർ DCTVM/19191/2025-B5. 2026 മാർച്ച് 10.

വിഷയം :—ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിൻമേലുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

പരാമർശം:—(1) ശ്രീമതി ലതാകുമാരി ഈ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

(2) തിരുവനന്തപുരം സബ് കളക്ടറുടെ 23-2-2026-ലെ K2-163/2026 നമ്പർ കത്ത്.

വർക്കല താലൂക്കിൽ വെട്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീസർവ്വെ നമ്പർ 116/7-1-ൽ ഉൾപ്പെട്ട വസ്തുവിന് നിശ്ചയിച്ചിട്ടുള്ള ന്യായവില കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാൻഡ്) റൂൾ 1995 പ്രകാരം പുനഃപരിശോധിച്ച് കുറവു ചെയ്ത് നൽകുന്നതിനായി ശ്രീമതി ലതാകുമാരി പരാമർശം (1) പ്രകാരം ഈ കാര്യാലയത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു. നിലവിലെ റിക്കാർഡുകൾ പ്രകാരം, അപേക്ഷാ വസ്തുവിനെ ഒന്നാം ഗണത്തിൽ (Commercially Important Land) ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആർ ഒന്നിന് ₹ 3,87,500 ന്യായവില നിശ്ചയിച്ചിട്ടുള്ളതായും ആയത് നാളതു വർദ്ധനവോടെ ₹ 10,23,000 ആയിട്ടുള്ളതായും കണ്ടെത്തി. തുടർന്ന് കക്ഷിയുടെ അപേക്ഷയിൻമേൽ, തിരുവനന്തപുരം സബ് കളക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് പരാമർശം (2) പ്രകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

വർക്കല താലൂക്കിൽ വെട്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീസർവ്വെ നമ്പർ 116/7-1-ൽ ഉൾപ്പെട്ട വസ്തു 1503/A നമ്പർ തണ്ടപ്പേർ പ്രകാരം ശ്രീമതി രത്നമ്മാൾ എന്നവരുടെ കൈവശത്തിലും, കരം തീരുവയിലുമാണെന്നും, അപേക്ഷ ഭൂമിയുടെ സമാന സമീപ വസ്തുക്കളായി റീസർവ്വെ 115/1, 115/2, 115/7-ൽ ഉൾപ്പെട്ട ഭൂമിയെ പരിഗണിക്കാമെന്നും അപേക്ഷ വസ്തുവിന് 2010 പ്രാബല്യത്തിൽ ആർ ഒന്നിന് ₹ 2,93,750 (രണ്ട് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി എഴുന്നൂറ്റി അൻപത് രൂപ)-യും ആയത് നാളത് വർദ്ധനവോടുകൂടി ആറൊന്നിന് ₹ 7,75,500 (ഏഴ് ലക്ഷത്തി എഴുപത്തയ്യായിരത്തി അഞ്ഞൂറ് രൂപ)-യും ന്യായവില നിശ്ചയിക്കാമെന്നും പരാമർശം (2) ശിപാർശ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

തുടർന്ന് അപ്പീൽ അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി അപ്പീൽ കക്ഷിയെ 4-3-2026-ൽ നേരിൽ കേൾക്കുകയും, മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ബന്ധപ്പെട്ട രേഖകളും റിക്കാർഡുകളും പരിശോധിച്ചതിൻ പ്രകാരവും തിരുവനന്തപുരം സബ് കളക്ടറുടെ പരാമർശം (2) റിപ്പോർട്ട് പരിഗണിച്ചും പരാമർശം (1) അപ്പീൽ അപേക്ഷയിൻമേൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

വർക്കല താലൂക്കിൽ വെട്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീസർവ്വെ നമ്പർ 116/7-1-ൽപ്പെട്ട വസ്തുവിന്റെ ന്യായവില പുനർ നിർണ്ണയിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം ശ്രീമതി ലതാകുമാരി സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ചും, വർക്കല താലൂക്കിൽ വെട്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീസർവ്വെ നമ്പർ 116/7-1 വസ്തുവിനെ (Residential Plot without vehicular Access) എന്ന അഞ്ചാം ഗണത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 2,93,750 (രണ്ട് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി എഴുന്നൂറ്റി അൻപത് രൂപ)-യും ആയത് നാളത് വർദ്ധനവോടുകൂടി ആറൊന്നിന് ₹ 7,75,500 (ഏഴ് ലക്ഷത്തി എഴുപത്തയ്യായിരത്തി അഞ്ഞൂറ് രൂപ)-യും ന്യായവില നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

കളക്ടറേറ്റ്, (ഒപ്പ്)
തിരുവനന്തപുരം. ജില്ലാ കളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

(1)

നമ്പർ RDOTVM/5048/2024-K2/KDis. 2026 മാർച്ച് 5.

വിഷയം:—ന്യായവില വിജ്ഞാപനം—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) ശ്രീ. ജോൺ സൈമൺ, ഹൗസ് നമ്പർ 9, സൈമൺ വില്ല, പേൾ നഗർ, പേരൂർക്കട പി. ഒ. സമർപ്പിച്ച അപേക്ഷ.

(2) തിരുവനന്തപുരം തഹശീൽദാരുടെ 9-6-2025-ലെ സി1/758665/24 നമ്പർ റിപ്പോർട്ട്.

(3) ബഹു. ലാന്റ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ എൽ. ആർ. എ 3/54674/18 നമ്പർ സർക്കുലർ.

ശ്രീ. ജോൺ സൈമൺ, ഹൗസ് നമ്പർ 9, സൈമൺ വില്ല, പേൾ നഗർ, പേരൂർക്കട പി. ഒ. സമർപ്പിച്ച പരാമർശം (1) അപേക്ഷ പ്രകാരം ന്യായവില നിശ്ചയിക്കാൻ വിട്ടുപോയിട്ടുള്ളതും തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ ബ്ലോക്ക് 23-ൽ റീസർവ്വേ നമ്പർ 31/13-ൽപ്പെട്ട 05.10 ആർ സ്ഥലത്തിന് പരാമർശം (2) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ന്യായവില നിശ്ചയിച്ച് ഉത്തരവാകുന്നു.

ഉത്തരവ്

തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ ബ്ലോക്ക് 23-ൽ റീസർവ്വേ നമ്പർ 31/13-ൽപ്പെട്ട 05.10 ആർ സ്ഥലത്തിന് Residential Plot with Cor./Mun./Pan. Road Access (03) എന്ന ഗണത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 2,08,000 (രണ്ട് ലക്ഷത്തി എണ്ണായിരം രൂപ) വില നിശ്ചയിച്ച് ഉത്തരവാകുന്നു. 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/TD പ്രകാരം ഈ ന്യായവിലയുടെ 50% വർദ്ധനവും ആയതിന്റെ 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/TD പ്രകാരമുള്ള 10% വർദ്ധനവും 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/TD പ്രകാരമുള്ള 10% വർദ്ധനവും 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/TD പ്രകാരമുള്ള 10% വർദ്ധനവും 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/Taxes പ്രകാരമുള്ള 10% വർദ്ധനവും 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/Taxes പ്രകാരമുള്ള 20% വർദ്ധനവും കൂടി ഇതിന് പുറമേ കണക്കാക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

നമ്പർ RDOTVM/4771/2025-K2/KDis. 2026 മാർച്ച് 5.

വിഷയം:—ന്യായവില വിജ്ഞാപനം—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) ശ്രീ. സന്തോഷ്, ആളിയിൽ തട്ടെ മേലെ കൊടി വീട്, ചെമ്പഴന്തി, തിരുവനന്തപുരം 23-7-2025-ൽ സമർപ്പിച്ച അപേക്ഷ.

(2) തിരുവനന്തപുരം ഭൂരേഖ തഹശീൽദാരുടെ 6-9-2025-ലെ TLK-TVM/6237/2025-C1 നമ്പർ റിപ്പോർട്ട്.

(3) ബഹു. ലാന്റ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ എൽ. ആർ. എ3/54674/18 നമ്പർ സർക്കുലർ.

ശ്രീ. സന്തോഷ്, ആളിയിൽ തട്ടെ മേലെ കൊടി വീട്, ചെമ്പഴന്തി, തിരുവനന്തപുരം സമർപ്പിച്ച പരാമർശം (1) അപേക്ഷ പ്രകാരം ന്യായവില നിശ്ചയിക്കാൻ വിട്ടുപോയിട്ടുള്ളതും തിരുവനന്തപുരം താലൂക്കിൽ ഉളിയാഴ്ത്തുറ വില്ലേജിൽ ബ്ലോക്ക് 14-ൽ റീസർവ്വേ നമ്പർ 250/9-1-1-ൽപ്പെട്ട സ്ഥലത്തിന് പരാമർശം (2) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ന്യായവില നിശ്ചയിച്ച് ഉത്തരവാകുന്നു.

ഉത്തരവ്

തിരുവനന്തപുരം താലൂക്കിൽ ഉളിയാഴ്ത്തുറ വില്ലേജിൽ ബ്ലോക്ക് 14-ൽ റീസർവ്വേ നമ്പർ 250/9-1-1-ൽപ്പെട്ട 04.05 ആർ സ്ഥലത്തിന് Residential Plot with Private Road Access (04) എന്ന ഗണത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 62,500 (അറുപത്തിരണ്ടായിരത്തി അഞ്ഞൂറ് രൂപ) വില നിശ്ചയിച്ച് ഉത്തരവാകുന്നു. 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/TD പ്രകാരം ഈ ന്യായവിലയുടെ 50% വർദ്ധനവും ആയതിന്റെ 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/TD പ്രകാരമുള്ള 10% വർദ്ധനവും 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/TD പ്രകാരമുള്ള 10% വർദ്ധനവും 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/TD പ്രകാരമുള്ള 10% വർദ്ധനവും 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/Taxes പ്രകാരമുള്ള 10% വർദ്ധനവും 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/Taxes പ്രകാരമുള്ള 20% വർദ്ധനവും കൂടി ഇതിന് പുറമേ കണക്കാക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫോറം-എ

(ചട്ടം 4 നോക്കുക)

നമ്പർ RDOTVM/4771/2025-K2. 2026 മാർച്ച് 5.

1959-ലെ കേരള മുദ്രപ്പത്ര ചട്ടങ്ങളിലെ സെക്ഷൻ 28-എ-യ്ക്ക് അനുബന്ധമായുള്ള 1995-ലെ കേരള മുദ്രപ്പത്ര (ഭൂമിയുടെ ന്യായവില നിർണ്ണയം) നിയമം 2-ന്റെ ഉപനിയമം 7, നിയമം 4 പ്രകാരം ഭൂമിയുടെ ന്യായവില നിർണ്ണയിക്കേണ്ടതാകുന്നു. അതിനാൽ ചുവടെ ചേർത്തിരിക്കുന്ന താലൂക്കിലെയും വില്ലേജിലെയും അതിനു ചുവടെ വിവരിക്കുന്ന സർവ്വേ/റീസർവ്വേ നമ്പരുകളിൽ സ്ഥിതി ചെയ്യുന്ന ഭൂമിക്ക് 2010 പ്രാബല്യത്തിൽ വർദ്ധനവുകൾ കൂടാതെ നിർണ്ണയിക്കുന്ന ന്യായവില ചുവടെ കാണിച്ചിട്ടുള്ള പ്രകാരം ആയിരിക്കുന്നതാണ്.

പട്ടിക

ജില്ല—തിരുവനന്തപുരം.

താലൂക്ക്—തിരുവനന്തപുരം. വില്ലേജ്—ഉളിയാഴ്ത്തുറ.

ക്രമനമ്പർ	സർവ്വേ നമ്പർ	സബ് ഡിവിഷൻ നമ്പർ	റീസർവ്വേ ബ്ലോക്ക്	റീസർവ്വേ നമ്പർ	റീസർവ്വേ സബ് നമ്പർ	പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ	പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ പേര്	വാർഡിന്റെ പേരും നമ്പരും	ഉപയോഗത്തിന് അനുസരിച്ചുള്ള വിഭാഗം	ഒരു ആർ-ന് നിശ്ചയിക്കുന്ന ന്യായവില	റിമാർക്ക്സ്
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)
1			14	250	9-1-1	കോർപ്പറേഷൻ	തിരുവനന്തപുരം	..	04 (Residential Plot with Private Road Access)	₹ 62,500	

14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/TD പ്രകാരം ഈ ന്യായവിലയുടെ 50% വർദ്ധനവും ആയതിന്റെ 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/TD പ്രകാരമുള്ള 10% വർദ്ധനവും 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/TD പ്രകാരമുള്ള 10% വർദ്ധനവും 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/TD പ്രകാരമുള്ള 10% വർദ്ധനവും 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/Taxes പ്രകാരമുള്ള 10% വർദ്ധനവും 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/Taxes പ്രകാരമുള്ള 20% വർദ്ധനവും കൂടി ഇതിന് പുറമെ കണക്കാക്കേണ്ടതാണ്. 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ 28എ വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ന്യായവിലയുടെ വിജ്ഞാപനത്തിനെതിരെ ആക്ഷേപം ഉള്ളപക്ഷം ഫോം ബി-യിൽ നിശ്ചിത മൂല്യം വരുന്ന സ്റ്റാമ്പ് പതിച്ച് നോട്ടിഫിക്കേഷൻ തീയതി മുതൽ ഒരു വർഷ കാലാവധിയ്ക്കകം ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്.

കളക്ടറേറ്റ്, (ഒപ്പ്)
തിരുവനന്തപുരം. സബ് കളക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KOLLAM DISTRICT

പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം

(ഹാജർ : ബീന എസ്. ഹനീഫ്)

നമ്പർ RDOPLR/2745/2025-F. 2026 മാർച്ച് 14.

വിഷയം:—വാളകം വില്ലേജ്-തരം മാറ്റം/സ്വഭാവ വ്യതിയാനം അനുവദിച്ച ഭൂമിയുടെ ന്യായവില/ ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ എന്നിവ പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നത്— സംബന്ധിച്ച്.

സൂചന:—(1) ശ്രീ. രാജേന്ദ്രൻ പിള്ള & സുഷമ, ഉഷാ ഭവനം, മരങ്ങാട്ട്കോണം, വാളകം വില്ലേജ് എന്നിവർ സമർപ്പിച്ച അപേക്ഷ.

(2) കൊട്ടാരക്കര തഹശീൽദാരുടെ 15-10-2025 തീയതിയിലെ TLKKTR/6552/2025-P1 നമ്പർ റിപ്പോർട്ട്.

(3) വാളകം വില്ലേജ് ഓഫീസറുടെ 14-7-2025 തീയതിയിലെ 234/2025 നമ്പർ റിപ്പോർട്ട്.

(4) പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസർ തരം മാറ്റം/സ്വഭാവ വ്യതിയാനം അനുവദിച്ചു നൽകിയ 24-1-2024 തീയതിയിലെ 89/2024 ഉത്തരവ്.

(5) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28A ചട്ടം 5(4).

(6) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ാം തീയതിയിലെ LA3-54647 നമ്പർ പരിപത്രം.

(7) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി. ഡി.

(8) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/റ്റി. ഡി. (S.R.O. No. 186/2018).

(9) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/റ്റി. ഡി. (S.R.O. No. 311/2019).

(10) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/റ്റി.ഡി. (S.R.O. No. 266/2020).

(11) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി. ഡി. (S.R.O. No. 305/2022).

(12) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി. ഡി. (S.R.O. No. 420/2023).

പുനലൂർ സബ് ഡിവിഷനിൽ കൊട്ടാരക്കര താലൂക്കിൽ വാളകം വില്ലേജിൽ ബ്ലോക്ക് 26-ൽ റീ സർവ്വേ നമ്പർ 265/20 എന്നിവയിൽപ്പെട്ട തരം മാറ്റം/സ്വഭാവ വ്യതിയാനം അനുവദിച്ച വസ്തുവിന്റെ ഫെയർ വാല്യൂ/ന്യായവില പുനർ നിർണ്ണയിക്കുന്നതിന് ശ്രീ. രാജേന്ദ്രൻ പിള്ള & സുഷമ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ കൊട്ടാരക്കര തഹശീൽദാർ, വാളകം വില്ലേജ് ഓഫീസർ എന്നിവർ അന്വേഷണം നടത്തി യഥാക്രമം സൂചന (2), (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൻ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അപേക്ഷ വസ്തുവിന്റെ വിവരങ്ങൾ:

ബ്ലോക്ക്	..	26
റീ സർവ്വേ നമ്പർ	..	265/20
വിസ്തീർണ്ണം	..	(ആർ)-3.35
വസ്തുവിന്റെ തരം	..	തരം മാറ്റം അനുവദിച്ച വസ്തു
ആധാരപ്രകാരമുള്ള വിവരങ്ങൾ	..	കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിലെ 2064/1988 നമ്പർ വിലയാധാരം, സർവ്വേ നമ്പർ 427/7-4.45 ആർ നിലം ഇനത്തിൽപ്പെട്ട വസ്തു.
തണ്ടപ്പേർ നമ്പർ	..	2251
റീ സർവ്വേ ബി ടി ആർ പ്രകാരമുള്ള വിവരങ്ങൾ	..	നിലം
മഹസർ പ്രകാരമുള്ള വിവരങ്ങൾ	..	എം സി റോഡിൽ മരങ്ങാട്ടുകോണം ജംഗ്ഷനിൽ നിന്നും പടിഞ്ഞാറ് അണ്ടൂർ പോകുന്ന പഞ്ചായത്ത് റോഡിൽ ഏകദേശം നാന്നൂറ് മീറ്റർ പോകുമ്പോൾ ടി റോഡിന് പടിഞ്ഞാറ്, തെക്ക് വശത്തായും ബാബു വക വസ്തുവിന് കിഴക്കും അപേക്ഷകർ വക വസ്തുവിന് വടക്കായും ടി വസ്തു പുരയിടമായി പഞ്ചായത്ത് റോഡിന് ചേർന്ന് സ്ഥിതി ചെയ്യുന്നു. നട്ട് ദേഹണ്ഡങ്ങളായി തെങ്ങ്, മാവ് കമുക്, റംബൂട്ടാൻ എന്നിവ നിൽക്കുന്നു.

ബി ടി ആർ പ്രകാരം നിലമായി രേഖപ്പെടുത്തിയ അപേക്ഷ വസ്തുവിന് പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുൻപാകെ സമർപ്പിച്ച അപേക്ഷ പ്രകാരം ഫീസ് ഈടാക്കാതെ സൗജന്യമായി തരം മാറ്റം/സ്വഭാവ വ്യതിയാനം സൂചന (4) പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ളതാണ്. 2010-ലെ ഫെയർ വാല്യൂ രജിസ്റ്ററിൽ അപേക്ഷ വസ്തു ഉൾപ്പെട്ടു വരുന്ന ബ്ലോക്ക്-26 റീ സർവ്വേ നമ്പർ 265/20-ന് Wet land എന്ന ക്ലാസ്സിഫിക്കേഷനിൽ ന്യായവിലയായി ഒരു ആർ-ന് ₹ 4,000 അനുവദിച്ചു വന്നിട്ടുള്ളതാണ്. തരം മാറ്റം അനുവദിച്ച അപേക്ഷ വസ്തുവിന് ന്യായവിലയും ക്ലാസ്സിഫിക്കേഷനും പുനർ നിർണ്ണയിക്കേണ്ടതായി കാണുന്നു. ഗ്രൂപ്പ് സ്കെച്ച് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

അപേക്ഷ വസ്തുവിന്റെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും പുനർ നിർണ്ണയിക്കുന്നതിന് അപേക്ഷ വസ്തുവിനോട് ചേർന്ന് ഒരേ പഞ്ചായത്ത് റോഡ് പ്രാധാന്യത്തിൽ സ്ഥിതി ചെയ്യുന്ന ടി വില്ലേജിൽ ബ്ലോക്ക് 26-ൽ റീ സർവ്വേ നമ്പർ 266/6-ൽപ്പെട്ട വസ്തു സമവും സമാനവുമായ അടിസ്ഥാന വസ്തുവായി പരിഗണിച്ച് ടി വസ്തു 2010-ലെ ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം നൽകിയിട്ടുള്ള Resedential Plot With Corp./Mun./Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനിൽ ഒരു ആർ-ന് ₹ 7,500 ന്യായവില അനുവദിച്ചു നൽകാമെന്ന് സൂചന (2), (3) പ്രകാരം ബന്ധപ്പെട്ട തഹശീൽദാർ, വില്ലേജ് ഓഫീസർ എന്നിവർ ശുപാർശ ചെയ്തിട്ടുള്ളതാണ്. (സമാന വസ്തുവിന് നിലവിൽ ₹ 19,800 ഫെയർ വാല്യൂ സൈറ്റിൽ കാണുന്നു.)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൊട്ടാരക്കര തഹശീൽദാർ, വാളകം വില്ലേജ് ഓഫീസർ എന്നിവരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തരം മാറ്റം അനുവദിച്ച അപേക്ഷ വസ്തുവിന് Residential Plot with Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനിൽ ഒരു ആർ-ന് ₹ 7,500 ന്യായവിലയായി പുനർ നിർണ്ണയിച്ചു നൽകാവുന്നതാണ്.

സൂചന (5) നിർദ്ദേശത്തിന്റെയും സൂചന (2), (3) ശുപാർശയുടെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ അപേക്ഷ വസ്തുക്കൾക്ക് ശരിയായ ക്ലാസ്സിഫിക്കേഷനും അതിന് അനുസൃതമായ ന്യായവിലയും ചേർത്ത് വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

6-3-2010-ൽ വിജ്ഞാപനം ചെയ്യപ്പെട്ട നിലം ഇനത്തിലുള്ള വസ്തുവിൽ നിന്നും തരം മാറ്റം/സ്വഭാവ വ്യതിയാനം അനുവദിച്ചുനൽകിയ പുനർനിർണ്ണയിച്ചു മാറ്റം വരുത്തിയ ന്യായവില/ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ എന്നിവ അംഗീകരിച്ച് ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും വിലാസവും	താലൂക്ക്	വില്ലേജ് & ബ്ലോക്ക്	റീ-സർവ്വെ നമ്പർ	6-3-2010-ലെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും	പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസ്സിഫിക്കേഷൻ	പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില/ ഫെയർ വാല്യൂ (ഒരു ആർ-ന്)
ശ്രീ. രാജേന്ദ്രൻ പിള്ള &സുഷമ, ഉഷാ ഭവനം, മരങ്ങാട്ട്കോണം, വാളകം വില്ലേജ്	കൊട്ടാരക്കര	വാളകം 26	265/20	₹4,000 Wet Land	Residential Plot with Panchayath Road Access	₹ 7,500

പുനർ നിർണ്ണയിച്ച ന്യായവില സൂചന (6) മുതൽ (12) വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
പുനലൂർ.

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NOTIFICATION

RDOCHN/2097/2025-N1/K.Dis 18-03-2026

Whereas it is expedient to publish the fair value of the land as required under section 28A of the Kerala Stamp Act, 1950 read with Rule 4 of the Kerala Stamp (Fixation of value of land) Rules – 1995 and subject to the final verification of the authenticity of the copy of the document produced by the present landlord.

The Fair Value of the land came into force in the State in 2010. Thereafter, the same has been revised 5 times. The fair value of the land will effectively become 264% of the value that fixed in the year 2010. Now, therefore it is hereby made known to the public that the fair value fixed for the land mentioned against each serial numbers in respect of the land situated in the Survey/re-survey numbers of the Village and Taluk mentioned against each shall be as shown against column (1) thereof.

District:- Ernakulam. Taluk:- Kanayannur

Village: Thrikkakara North Village

S. No.	Sy. No.	Sub Div. No.	Re-Sy. Block No.	Re-Sy. No.	Re-Sy Sub Dvn No.	M/C/P	Name . of Local Body	Name & No. of ward	Classification by use	Fair value per Are
7944A			6	374	16	M	Kalamassery Municipality	ward - 14, Medical College	Residential Plot with Corp/Munci/ Panch Road Access	3,50,000/-

Sd/-
Revenue Divisional officer

Revenue Divisional Office, Fort Kochi.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NOTIFICATION

RDOCHN/254/2026-N1 23-03-2026

Whereas it is expedient to publish the fair value of the land as required under section 28A of the Kerala Stamp Act, 1950 read with Rule 4 of the Kerala Stamp (Fixation of value of land) Rules – 1995 and subject to the final verification of the authenticity of the copy of the document produced by the present landlord.

The Fair Value of the land came into force in the State in 2010. Thereafter, the same has been revised 5 times. The fair value of the land will effectively become 264% of the value that fixed in the year 2010. Now, therefore it is hereby made known to the public that the fair value fixed for the land mentioned against each serial numbers in respect of the land situated in the Survey/re-survey numbers of the Village and Taluk mentioned against each shall be as shown against column (1) thereof.

District:- Ernakulam. Taluk:-Aluva

Village: Keezhmad Village

S. No.	Sy. No.	Sub Div. No.	Re-Sy. Block No.	Re-Sy. No.	Re-Sy Sub Dvn No.	M/C/P	Name . of Local Body	Nam e & No. of ward	Classification by use	Fair value per Are
14800 A			33	394	4	P	Keezhmad	14	Residential Plot with Corp/Munci/ Panch Road Access	4,32,000/-

Sd/-

Revenue Divisional officer

Revenue Divisional Office, Fort Kochi.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NOTIFICATION

RDOCHN/2723/2025-N1 16-03-2026

Whereas it is expedient to publish the fair value of the land as required under section 28A of the Kerala Stamp Act, 1950 read with Rule 4 of the Kerala Stamp (Fixation of value of land) Rules – 1995 and subject to the final verification of the authenticity of the copy of the document produced by the present landlord.

The Fair Value of the land came into force in the State in 2010. Thereafter, the same has been revised 5 times. The fair value of the land will effectively become 264% of the value that fixed in the year 2010. Now, therefore it is hereby made known to the public that the fair value fixed for the land mentioned against each serial numbers in respect of the land situated in the Survey/re-survey numbers of the Village and Taluk mentioned against each shall be as shown against column (1) thereof.

District:- Ernakulam. Taluk:-Kanayannur

Village: Thrikkakara North Village

S. No.	Sy. No.	Sub Div. No.	Re-Sy. Block No.	Re-Sy. No.	Re-Sy Sub Dvn No.	M/C/P	Name . of Local Body	Name & No. of ward	Classification by use	Fair value per Are
11651A			6	505	2	M	Kalamassery Municipality	Vadakod 15	Residential Plot with Corp/Munci/ Panch Road Access	3,85,000/-

Sd/-
Revenue Divisional Officer

Revenue Divisional Office, Fort Kochi.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

DCEKM/11511/2025-L2 11.03.2026

വിജ്ഞാപനം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279 – ാം വകുപ്പ് 2–ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് 16.10.2024 തീയതിയിലെ സ.ഉ.(അച്ചടി) നം.54/2024/LSGD ഉത്തരവ് പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279–ാം വകുപ്പ് 1–ാം ഉപവകുപ്പ് പ്രകാരം എറണാകുളം ജില്ലയിലെ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ ചന്തസ്ഥലം എന്ന രേഖപ്പെടുത്തിയിട്ടുള്ളതുമായ താഴെപ്പറയുന്ന ഭൂമിയെ പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു.

ജില്ല	എറണാകുളം
താലൂക്ക്	കുന്നത്തുനാട്
വില്ലേജ്	കുന്നത്തുനാട്
ഗ്രാമപഞ്ചായത്ത്	കുന്നത്തുനാട്
ബ്ലോക്ക്	36
സർവ്വേ നമ്പർ	67/14
വിസ്തീർണ്ണം	5.20

അതിരുകൾ

വടക്ക്	മണ്ണ് വഴി
കിഴക്ക്	കുന്നത്തുനാട് പഞ്ചായത്ത് വക ഭൂമി
തെക്ക്	നമ്മണാരിൽ അവറാച്ചൻ വക ഭൂമി
പടിഞ്ഞാറ്	മണ്ണായത്ത് അനീഷ്, മായ വക ഭൂമി

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല എന്നാൽ അതിന്റെ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279–ാം വകുപ്പ് 1–ാം ഉപവകുപ്പ് പ്രകാരം എറണാകുളം ജില്ലയിലെ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ ചന്തസ്ഥലം എന്ന രേഖപ്പെടുത്തിയതുമായ കുന്നത്തുനാട് വില്ലേജ് ബ്ലോക്ക് 36 സർവ്വേ നമ്പർ 67/14 ൽ പ്പെട്ട 0.0520 ഹെക്ടർ സ്ഥലം പതിച്ചു നൽകുന്നതിലേക്കായി പ്രസ്തുത ആക്ടിന്റെ 279–ാം വകുപ്പ് 2–ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിന് തീരുമാനിച്ച പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം

(ഒപ്പ്/–)
ജില്ല കളക്ടർ
എറണാകുളം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

DCTSR/428/2021-B5 തിയതി - 10-03-2026

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279-ാ ം വകുപ്പ് 20 ം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് 16/10/2024 തിയ്യതിയിലെ 0.2. (അച്ചടി) m0.54/2024/LSGD ഉത്തരവ് പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥയെന്ന നിലയ്ക്ക് താഴെ പറയുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 279-ാ ം വകുപ്പ് 1-ാ ം ഉപവകുപ്പ് പ്രകാരം തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ കന്നുകാലി മേച്ചിൽ സ്ഥലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയെ പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു.

ജില്ല - തൃശ്ശൂർ
താലൂക്ക് -ചാലക്കുടി
വില്ലേജ്- വടക്കുംഭാഗം
ഗ്രാമപഞ്ചായത്ത് - മാള
സർവ്വേ നമ്പർ - 610/3
വിസ്തീർണ്ണം - 0.0629 ഹെക്ടർ

അതിരുകൾ

വടക്ക് - പഞ്ചായത്ത് റോഡ്
കിഴക്ക് - തെക്കേവീട്ടിൽ ശീലാവതി വക സ്ഥലം
തെക്ക് -കാരംകോട് വള്ളിയമ്മ വക സ്ഥലം
പടിഞ്ഞാറ് - പാംബ്ലയ്ത്ത് കുഞ്ഞിക്കുട്ടൻ വക സ്ഥലം

കളക്ടറേറ്റ്, തൃശ്ശൂർ

ഒപ്പ്/-
ജില്ലാ കളക്ടർ തൃശ്ശൂർ ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DCPKD/1744/2026-LRG2. 2026 ഫെബ്രുവരി 23.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279-ാം വകുപ്പ് 2-ാം ഉപ വകുപ്പിൽ പരാമർശിച്ചിരിക്കുന്നത് പ്രകാരം 16-10-2024, 6-12-2024 തീയതികളിലെ യഥാക്രമം സ. ഉ (അച്ചടി) 54/2024 LSGD, സ. ഉ (അച്ചടി)നമ്പർ 67/2024/LSGD ഉത്തരവുകളിലെ സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് താഴെ പറയുന്ന പാലക്കാട് ജില്ല വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ പുറമ്പോക്ക് ''ഭൂസ്ഥിതി വഴി'' എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയെ പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു.

ജില്ല	—	പാലക്കാട്
താലൂക്ക്	—	ആലത്തൂർ
വില്ലേജ്	—	വടക്കഞ്ചേരി-2
ഗ്രാമപഞ്ചായത്ത്	—	വടക്കഞ്ചേരി
ഗുണഭോക്താക്കളുടെ എണ്ണം	—	1
ബ്ലോക്ക്	—	46
റിസർവ്വെ നമ്പർ	—	17/1
വിസ്തീർണ്ണം	—	0.0202
ആകെ	—	0.0202

കളക്ടറേറ്റ്, (ഒപ്പ്)
പാലക്കാട്. ജില്ലാ കളക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

PALAKKAD DISTRICT

ഒറ്റപ്പാലം സബ് കളക്ടറുടെ നടപടിക്രമം

(ഹാജർ: അൻജീത് സിംഗ്, ഐ.എ.എസ്.)

നമ്പർ RDOOTP/1940/2021-K1. 2026 ഫെബ്രുവരി 24.

വിഷയം:—1995 ലെ കേരള മുദ്രപത്രനിയമം (ഭൂമിയുടെ ന്യായവില നിർണ്ണയം) ചട്ടങ്ങൾ— ഭൂമിയുടെ ന്യായവില നിശ്ചയിച്ച് ഉത്തരവാകുന്നു.

പരാമർശം:—(1) ശ്രീമതി രമണി, ശ്രീമതി ഗീത, D/o പത്മാവതി, കിഴ്കക്കേപ്പാട്ട് ഹൗസ്, ചെർപ്പുളശ്ശേരി എന്നവർ സമർപ്പിച്ച അപേക്ഷ.

(2) ജില്ലാ കളക്ടറുടെ 4-10-2021 തീയതിയിലെ DCPKD/8305/2021-D4 നമ്പർ കത്ത്.

(3) ഒറ്റപ്പാലം തഹൽശീദാരുടെ 1-2-2026, 7-2-2026 തീയതികളിലെ TLKOTP/3986/2024 D2 നമ്പർ റിപ്പോർട്ട്.

(4) കേരള മുദ്രപത്രനിയമം 1959 സെക്ഷൻ 28 എ (1) & റൂൾസ് 1995

(5) ബഹു. ലാന്റ് റവന്യൂ കമ്മീഷണറുടെ 11-2-2019 തീയതിയിലെ LRA3-54674/2015 നമ്പർ സർക്കുലർ

ശ്രീമതി രമണി, ശ്രീമതി ഗീത, D/o പത്മാവതി, കിഴ്കക്കേപ്പാട്ട് ഹൗസ്, ചെർപ്പുളശ്ശേരി എന്നിവരുടെ പേരിൽ ഒറ്റപ്പാലം താലൂക്ക്, ചെർപ്പുളശ്ശേരി വില്ലേജ്, പന്നിയംകുറിശ്ശി ദേശം ബ്ലോക്ക് 42, റീ സർവ്വെ നമ്പർ 40783-ൽ (റെലിസ് പ്രകാരം 407/257, 407/258) ഉൾപ്പെട്ട 4.04 ആർസ് ഭൂമിക്ക് ന്യായവില പുനർനിശ്ചയിച്ച് ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിച്ച അപേക്ഷ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ച് ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളതാണ്.

പ്രസ്തുത അപേക്ഷയിൽ തഹസിൽദാർ മുഖേന അന്വേഷണം നടത്തി പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമായിട്ടുള്ളതാണ്. അപേക്ഷകൾ പരിശോധിച്ചതിൽ സർവ്വെ നമ്പർ 407/3-ൽ 4.04 ആർസ് സ്ഥലമുണ്ടെന്നും പ്രസ്തുത സ്ഥലത്തിന്റ ന്യായവില ₹1200000 ആണന്നും ആയതിനാൽ പ്രസ്തുത സ്ഥലത്തിന്റെ ന്യായവില കുറച്ചു തരണമെന്നും കാണിച്ച് ശ്രീമതി ഗീത എന്നവരും, റീ സർവ്വെ നമ്പർ 407/110-ൽപ്പെട്ട 4.04 ആർസ് ഭൂമിയുടെ ന്യായവില പുനർനിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി രമണി എന്നവരും അപേക്ഷിച്ചിട്ടുള്ളതായും, എന്നാൽ ബന്ധപ്പെട്ട പ്രമാണങ്ങൾ, വില്ലേജ് റിക്കാർഡുകൾ, സ്ഥലപരിശോധന എന്നിവ നടത്തിയതിൽ ശ്രീമതി ഗീത, ശ്രീമതി രമണി എന്നവർക്കും മാതാവിനും കൂടി 3511/90 നമ്പർ ഭാഗാധാരപ്രകാരം 5-ാം താവഴി ആയി ലഭിച്ച 21 സെന്റ് വഹകളിൽ നിന്നും മാതാവിന്റെ മരണശേഷം അവകാശ തീറാധാര പ്രകാരം 10.5 സെൻറ് വീതം ശ്രീമതി ഗീത, ശ്രീമതി രമണി എന്നിവർക്ക് സിദ്ധിച്ചിട്ടുള്ളതും ആയത് റീ സർവ്വെ 407/3-ൽ നിന്നും സബ് ഡിവിഷൻ ആയി വന്നതും LRM പ്രകാരം 407/83-ന്റെ ഭാഗവുമാണെന്ന് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. റീ സർവ്വെ മ്പർ 407/3-ന് ന്യായവില രജിസ്റ്റർ പ്രകാരം ന്യായവില നിശ്ചയിച്ചിട്ടുണ്ടെങ്കിലും നിലവിൽ അപേക്ഷ കക്ഷികളുടെ കൈവശമുള്ള സർവ്വെ നമ്പർ 407/83 ആണെന്നും ആയതിന് ന്യായവില നിശ്ചയിച്ചിട്ടില്ലെന്നും റിപ്പോർട്ടിൽ നിന്ന് വ്യക്തമായിട്ടുള്ളതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അപേക്ഷാസ്ഥലമായ റീ സർവ്വെ നമ്പർ 407/83-ൽപ്പെട്ട സ്ഥലം ചെർപ്പുളശ്ശേരി-ഒറ്റപ്പാലം റോഡിന്റെ എതിരായി സ്ഥിതി ചെയ്യുന്ന എസ്.ബി.ഐ.യുടെ മുന്നിലുള്ള കോൺക്രീറ്റ് റോഡിലൂടെ സുമാർ 350 മീറ്റർ മുന്നോട്ട് ചെന്ന് ടി റോഡിൽ നിന്നും പടിഞ്ഞാറ് ഭാഗത്തേക്ക് പോകുന്ന റോഡിൽ സുമാർ 50 മീറ്റർ ചെല്ലുമ്പോൾ ടി റോഡിന് വടക്കു വശത്തായി കാണുന്നുവെന്നും, അപേക്ഷാ ഭൂമിയിൽ എത്തിച്ചേരുന്നതിന് പ്രൈവറ്റ് റോഡാണുള്ളതെന്നും, ടി വസ്തുവിനോട് ചേർന്ന് വാണിജ്യ പ്രാധാന്യമുള്ള കെട്ടിടങ്ങളൊന്നും ഇല്ലെന്നും, ടി ഭൂമി ചെർപ്പുളശ്ശേരി സബ് രജിസ്ട്രാർ ഓഫീസിലെ 1932/2007 നമ്പർ ആധാരപ്രകാരം ശ്രീമതി ഗീതക്കും 1931/2007 നമ്പർ ആധാരപ്രകാരം ശ്രീമതി രമണിക്കും സിദ്ധിച്ചിട്ടുള്ളതാണെന്നും, ടി ഭൂമി, വനഭൂമി, മിച്ചഭൂമി, പുറമ്പോക്ക്, ആദിവാസിഭൂമി എന്നിവയിൽ ഉൾപ്പെട്ടു വരുന്നില്ലെന്നും, അപേക്ഷ ഭൂമിക്ക് സമവും സമാനവുമായ ഭൂമികൾ റീ സർവ്വെ നമ്പർ 409/6, 407/15, 443/3 എന്നിവയിൽപ്പെട്ടവയാണെന്നും എന്നാൽ അപേക്ഷാ ഭൂമിയുടെ പടിഞ്ഞാറ് ഭാഗത്ത് ഇതേ സവിശേഷതകളുള്ള ഭൂമിയായ റീ സർവ്വെ നമ്പർ 407/3-2-ന് ജില്ലാ കളക്ടറുടെ അപ്പീൽ പ്രകാരം Residential plot with private road access എന്ന ക്ലാസ്സിഫിക്കേഷനിൽ ഉൾപ്പെടുത്തി ഒരാറിന് ₹ 3,75,000 വില നിശ്ചയിച്ചിട്ടുള്ളതായതിനാൽ അതേ വിലയും തരവും തന്നെ അപേക്ഷാ വസ്തുവിന് നിശ്ചയിക്കാവുന്നതാണെന്നും സൂചന (2) പ്രകാരം ഒറ്റപ്പാലം തഹശീൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷാഭൂമി ഉൾപ്പെടുന്ന ഒറ്റപ്പാലം താലൂക്ക്, ചെർപ്പുളശ്ശേരി വില്ലേജ്, ബ്ലോക്ക് 42, റീ സർവ്വെ നമ്പർ 407/83 (റെലിസ് പ്രകാരം 407/257, 407/258)-ൽപ്പെട്ട 0.0404 ഹെക്ടർ ഭൂമിക്ക് Residential plot with private road access എന്ന classification-ൽ ഉൾപ്പെടുത്തി ഒരാറിന് ₹3,75,000 നിശ്ചയിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരമുള്ള അന്വേഷണത്തിൽ നിന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ പരാമർശം (1) അപേക്ഷ, പരാമർശം (2) തഹശീൽദാരുടെ റിപ്പോർട്ട്, പരാമർശം (3) പ്രകാരമുള്ള ചട്ടം, പരാമർശം (4) സർക്കുലർ എന്നിവ പരിഗണിച്ച് 2010-ലെ ന്യായവില രജിസ്റ്റർ പ്രകാരം ശരിയായ ക്ലാസ്സിഫിക്കേഷൻ ചേർത്തും അവയ്ക്കനുയോജ്യമായതും, ഉപയോഗത്തിനനുസരിച്ചിട്ടുള്ളതുമായ വില നിർണ്ണയിക്കേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 6-3-2010-ന് വിജ്ഞാപനം ചെയ്ത് നിലവിൽ വന്ന ന്യായവിലയിലുള്ള അപാകതകൾ പരിഹരിച്ച് ഭൂമിയുടെ ന്യായവില നിർണ്ണയിച്ച് താഴെ പറയും പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. (ഭൂമിയുടെ ന്യായവില 2010-നു ശേഷം കേരള മുദ്രപത്രനിയമം വകുപ്പ് 28 (A) (1B)പ്രകാരം ഗസറ്റ് വിജ്ഞാപനങ്ങളിലൂടെ വരുത്തുന്ന വർദ്ധനവുകൾക്ക് വിധേയമാണ്).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

ജില്ല—പാലക്കാട് താലൂക്ക്—ഒറ്റപ്പാലം

വില്ലേജ്—ചെർപ്പുളശ്ശേരി ബ്ലോക്ക്—42

ക്രമനമ്പർ	സർവ്വേ നമ്പർ	സബ് ഡിവിഷൻ നമ്പർ	റീസർവ്വേ ബ്ലോക്ക്/പഴയ സർവ്വേ ദേശം	റീസർവ്വേ നമ്പർ	റീസർവ്വേ സബ്ഡിവിഷൻ നമ്പർ	പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ	തദ്ദേശസ്വയം ഭരണസ്ഥാപനം	വാർഡ്	ഉപയോഗ പ്രകാരമുള്ള ഭൂമിയുടെ തരം	ന്യായവില (ഒരു ആർ-ന്)
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
			42	407	83	മുനിസിപ്പാലിറ്റി	ചെർപ്പുളശ്ശേരി	..	Residential plot with private Road Access	₹3,75,000

സബ് കളക്ടറുടെ കാര്യാലയം, (ഒപ്പ്)

ഒറ്റപ്പാലം. സബ് കളക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

LAGLTY/78/2025-K Dated: 19th February, 2026

FORM NO . 16

NOTIFICATION UNDER SECTION 6 OF THE KERALA SURVEY AND BOUNDARIES ACT 1961

Whereas the Government have directed the Survey of lands comprised in Survey Numbers noted below in Edakkad, Kadambur & Muzhappilangad Villages of Kannur Taluk, it is hereby notified under sub-section (1) of Section 6 of the Kerala Survey and Boundaries Act, 1961, that survey operation will be started in the Village soon and the survey numbers of the above said village noted below will be demarcated and surveyed; and that every person claiming to be interested in the registered lands situated within or adjoining the above mentioned lands is hereby invited to attend immediately either in person or by agent on the surveyor employed in the locality and also from time to time when called upon for the purpose of pointing out the boundaries and supplying information in connection therewith.

Under sub-section (2) of Section 6 of the said act, this notification shall be held to be a valid notice to every person having any interest in the above said lands.

Under sub-section (3) of Section 6 of the above said act, all the registered holders are hereby required :-

(a) to clear within 15 days by cutting down or removing any trees, jungle, fences, standing crops or other material obstructions of the boundaries or other lines, the clearance of which may be necessary for the purpose of survey; and
(b) to provide labour at such time and for such periods as may from time to time be required by furnishing flag holders and chainmen; and
(c) to provide suitable survey marks and otherwise to give such assistance in the Survey as may be demanded under the said Act or the rules made there under.

If any person fails to comply with these requisitions under clauses (a) to (c) mentioned above, the work will be got done by employing hired labour and the cost thereof will be recovered from the defaulters as provided in the act and rules made there under.

DETAILS OF LANDS

Sl.No	District	Taluk	Village	Desom	Survey No
1	Kannur	Kannur	Edakkad	Kuttikkakam	78
2			Kadambur	Kadambur	74
3			Muzhappilangad	Edakkad Angadi	6

(Sd/-)
Special Tahsildar (LA), Thalassery

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NOTIFICATION

UNDER SECTION 13 OF THE KERALA SURVEY AND BOUNDARIES ACT, 1961

NO.TOTLY/1093/2025-H2 DT. 23-03-2026

1. It is hereby notified Under Section 13 of the Survey and Boundaries Act (Act 37 of 1961) thatthe survey of the undermentioned areas are now completed.

2. Unless the survey hereby notified is modified by decree of a civil court under the provisions ofSection 14 of the said Act, the records of the survey shall be conclusive proof that theboundaries determined and recorded here in have been correctly determined and recorded.

PARTICULARS OF THE AREA

District: Kannur Taluk : Thalassery
Amsom: Pinarayi Desam : Kizhakkumbhagam

Survey number completed 12/1,12/5

sd/
TAHSILDAR(LR)
TOTLY

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.24 04:06:26 +05:30